"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഉന്നത വിദ്യാഭ്യാസ വകുപ്പ് - സാങ്കേതിക വിദ്യാഭ്യാസം - 2023 -24 അധ്യായന വർഷത്തെ പാർട്ട് ടൈം സെക്കന്റ് ഷിഫ്റ്റ് ഡിപ്ലോമ കോഴ്സുകൾ നടത്തുന്നതിനുള്ള പ്രോസ്പെക്ടസ്-ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ (എൽ) വകുപ്പ്**

സ.ഉ.(സാധാ) നം.618/2024/HEDN തീയതി,തിരുവനന്തപുരം, 31-05-2024

---

പരാമർശം:- 1 01/06/2023തീയതിയിലെ സ.ഉ.(സാധാ).നം.780/2023/ഉവിവ.

2. സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 21.10.2023, 30.03.2024 എന്നീ തീയതികളിലെ സി2/37978/2023/ഡി.ടി.ഇ നമ്പർ കത്തുകൾ.

**ഉത്തരവ്**

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള പോളിടെക്നിക് കോളേജുകളിലെ 2023-24 അധ്യായന വർഷത്തെ പാർട്ട് ടൈം സെക്കന്റ് ഷിഫ്റ്റ് ഡിപ്ലോമ കോഴ്സുകൾ നടത്തുന്നതിനുള്ള പ്രോസ്പെക്ടസ് അംഗീകരിച്ച പരാമർശം 1 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

പ്രസ്തുത പ്രോസ്പെക്ടസ്സിൽ ക്ലോസ് 6 ൽ General Conditions clause 6.3 പ്രകാരം " "A Diploma Programme (Part Time/Second Shift) will be conducted only if a minimum of 40 candidates are admitted in that particular programm" എന്നു നിഷ്കർഷിച്ചിരുന്നെങ്കിലും ചില സ്ഥാപനങ്ങളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ എണ്ണം നാൽപ്പതിൽ കുറവായതിനാൽ കോഴ്സ് നടത്തുന്നതിനുള്ള സർക്കാർ അനുമതി ലഭ്യമാക്കുന്നതിനായി ഡയറക്ടർ പരാമർശം 2 ലെ കത്തുകൾ പ്രകാരം സർക്കാരിനോട് അപേക്ഷിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. പരാമർശം ഒന്ന് പ്രകാരം സർക്കാർ അംഗീകരിച്ച പ്രോസ്പെക്ടസിലെ 'ഇൻടേക്കിൽ മിനിമം കുട്ടികളുടെ എണ്ണം 40 ആയി നിജപ്പെടുത്തുന്നു' എന്ന വ്യവസ്ഥ, സർക്കാറിന് സാമ്പത്തിക ബാധ്യത ഉണ്ടാകില്ല എന്നും, പൂർണ്ണമായും സ്വാശ്രയമായി പ്രോഗ്രാം നടത്തുന്നു എന്നുമുള്ള വ്യവസ്ഥയിൻമേൽ, ഒഴിവാക്കി ഉത്തരവാകുന്നു.

മേൽ ഭേദഗതിയോടെ പരാമർശം (1) ലെ ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സി അജയൻ

അഡിഷണൽ സെക്രട്ടറി

സാങ്കേതികവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

എല്ലാ പ്രിൻസിപ്പൽ മാർക്കും (സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ മുഖേന)

ജോയിന്റ് ഡയറക്ടർ ,സ്റ്റേറ്റ് ഇൻസ്റ്റിട്യൂട്ട് ഓഫ് ടെക്നിക്കൽ ടീച്ചേർസ് ട്രെയിനിങ് & റിസർച്ച് കളമശ്ശേരി

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ)
www.highereducation.kerala.gov.in
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Geetha Lekshmi. G
Date: 01-06-2024 10:49:23

സെക്ഷൻ ഓഫീസർ